## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 555** 27/02/2018-ൽ മറുപടിയ്ക്ക്

## സഹകരണമേഖലയിൽ കേരള ബാങ്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. പി.ടി. തോമസ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ സംസ്ഥാന സഹകരണ കോൺഗ്രസ്സിൽ എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | കണ്ണൂരിൽ വച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസിൽ കേരള സഹകരണ നയത്തിന്റെ കരട് അംഗീകരിക്കുകയും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ട് ആയതിനായി സഹകാരികൾ പ്രതിജ്ഞയെടുത്തു. നിലവിൽ 5 വർഷം കൂടുമ്പോൾ നടത്തിവരുന്ന സഹകരണ കോൺഗ്രസ് 3 വർഷം കൂടുമ്പോൾ നടത്തുന്നതിന് തീരുമാനിച്ചു. ഭിന്നലിംഗ വിഭാഗത്തിൽപ്പെടുന്നവർക്ക് പ്രത്യേകം സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചു. വനിത സഹകരണ സംഘങ്ങളുടെ വൈവിദ്ധ്യവൽക്കരണവും തൊഴിൽ വികസനവും, ക്ഷീരസംഘങ്ങളുടെ ശാക്തീകരണവും കാർഷിക മേഖലയിലെ പുരോഗതിയും, സഹകരണ മേഖലയിലെ ടൂറിസം വികസനവും, പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളുടെ ശാക്തീകരണവും, തൊഴിൽ വികസനവും, മൽസ്യസഹകരണ സംഘങ്ങളുടെ വികസനവും, കൺസ്യൂമർ സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനവും സഹകരണ കോൺഗ്രസ് കൈക്കൊണ്ടു. |
| (ബി) | കേരളബാങ്ക് പുതിയ ബാങ്ക് ആയിരിക്കുകയില്ലെന്നും, സംസ്ഥാന സഹകരണ ബാങ്കിനെ ശക്തിപ്പെടുത്തു ന്നതിനായി രൂപീകരിക്കുന്നതാകുമെന്നും പറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| (സി) | റിസർവ് ബാങ്കിന്റെ പൂർണ്ണ ലൈസൻസുള്ള ജില്ലാ ബാങ്കുകളെ ഇല്ലാതാക്കി കേരളബാങ്ക് രൂപീകരിക്കുന്നത് സഹകരണമേഖലയുടെ തകർച്ചയ്ക്ക് വഴിയൊരുക്കുമെന്ന ആശങ്ക സംജാതമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആശങ്ക ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഇല്ല. |
| (ഡി) | കേരളബാങ്കിന്റെ ഘടന എന്തായിരിക്കുമെന്നും, ഇതുസംബന്ധിച്ച് ശ്രീറാം കമ്മിറ്റി നൽകിയ ശുപാർശകൾ പരിഗണിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ? | (ഡി) | നിലവിലുള്ള ത്രിതല ഘടനയ്ക്ക് പകരം ദ്വിതല ഘടനയിൽ കേരള സഹകരണ ബാങ്ക് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ ഘടന സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ